**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148** **30-07-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പരിഷ്കരിച്ച വേതനം നൽകുന്നതിനു നിലവിൽ തടസ്സങ്ങൾ ഉണ്ടോ; | (എ) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ, ക്ഷേത്രജീവനക്കാർക്ക് 01.06.2019 മുതൽ 2000/- രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിലേക്ക് അയച്ച പ്രപ്പോസലിന്മേൽ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ, ക്ഷേത്രജീവനക്കാർക്ക് 01.06.2019 മുതൽ 2000/- രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ സാഹചര്യം കണക്കിലെടുത്ത് വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിനു വേണ്ടി സർക്കാരിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ